നം.എച്ച്2/35637/2014/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 27.10.2014.

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - സർക്കാർ, എയിഡഡ് സ്കൂളുകൾ - കുട്ടികളുടെ പ്രവേശനം - വ്യാജ അഡ്മിഷനുകൾ നീക്കംചെയ്യൽ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-
1. 01.10.2011-ലെ ജി.ഒ (പി) നം.199/2011/പൊ.വി.വ
2. 29.11.2013-ലെ ജി.ഒ (പി) നം.313/2013/പൊ.വി.വ
3. 04.07.2014-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.124/2014/പൊ.വി.വ
4. 09.10.2014-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ H2/35637/14 നം. സർക്കുലർ

സർക്കാർ, എയിഡഡ് സ്കൂളുകളിൽ 2014-15 വർഷം വ്യാജ അഡ്മിഷനുകളുണ്ടെങ്കിൽ അവ നീക്കം ചെയ്യുന്നതിന് സ്കൂളുകൾക്ക് സൂചന 4 പ്രകാരം അവസരം നൽകിയിരുന്നു. പ്രസ്തുത സ്കൂളുകൾ ഐടി@സ്കൂൾ പ്രോജക്റ്റിന്റെ വെബ്സൈറ്റിലെ sixth working day statement -ൽ രജിസ്റ്റർ ചെയ്യുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. ഇങ്ങനെ രജിസ്റ്റർ ചെയ്ത സ്കൂളുകൾക്ക് കുട്ടികളുടെ എണ്ണം, യു.ഐ.ഡി തുടങ്ങിയ വിശദാംശങ്ങൾ എഡിറ്റ് ചെയ്യുന്നതിന് അവസരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. രജിസ്റ്റർ ചെയ്ത സ്കൂളുകൾ മാത്രം sixth working day statement -ൽ സമ്പൂർണ യൂസർ നെയിം പാസ്‌വേഡ് ഉപയോഗിച്ച് ലോഗിൻ ചെയ്യുക. രജിസ്റ്റർ ചെയ്യാത്ത സ്കൂളുകൾക്ക് ഇപ്പോൾ ലോഗിൻ ചെയ്യാൻ അവസരം ഉണ്ടായിരിക്കുന്നതല്ല.
2. ദൃശ്യമാകുന്ന വിൻഡോയിൽ ഇടതുവശത്തുള്ള sixth working day report-ൽ നിന്ന് ഈ വർഷത്തെ ആറാം പ്രവർത്തി ദിവസത്തെ വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമാകും. ഇത് എഡിറ്റ് ചെയ്യുവാൻ കഴിയുകയില്ല. Edit strength-ൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന വിൻഡോയിലെ Edit -ൽ ക്ലിക്ക് ചെയ്ത് വ്യാജ അഡ്മിഷൻ ഒഴിവാക്കേണ്ടതാണ്.
3. Edit strength-ൽ ക്ലിക്ക് ചെയ്ത് 2014-15 അധ്യയന വർഷം ആറാം പ്രവർത്തി ദിവസം സ്കൂളിലുണ്ടായിരുന്ന യഥാർത്ഥ വിദ്യാർത്ഥികളുടെ എണ്ണമാണ് സമർപ്പിക്കേണ്ടത്.
4. വിദ്യാർത്ഥികളുടെ എണ്ണം sixth working day statement-ൽ ഉൾപ്പെടുത്തിയശേഷം ആറാം പ്രവർത്തി ദിവസം സ്കൂളിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികളിൽ ഒഴിവാക്കേണ്ട/കൂട്ടിച്ചേർക്കേണ്ട വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ സമ്പൂർണയിൽ 30.10.2014-ന് വൈകിട്ട് 5.00 മണിക്കു മുമ്പ് ചേർക്കേണ്ടതാണ്. അതിനു ശേഷം സമ്പൂർണയിൽ വരുത്തുന്ന മാറ്റങ്ങൾ sixth working day statement-ൽ പ്രതിഫലിക്കുന്നതല്ല.
5. sixth working day statement-ലും സമ്പൂർണയിലും വിദ്യാർത്ഥികളുടെ എണ്ണവും വിശദാംശങ്ങളും ഉൾപ്പെടുത്തിയ ശേഷം ക്രോഡീകരിച്ച റിപ്പോർട്ടും ക്ലാസ്‌തല റിപ്പോർട്ടും consolidated report-ൽ നിന്ന് പ്രിന്റെടുത്ത് ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒയ്ക്ക് 2014 ഒക്ടോബർ 31-നകം സമർപ്പിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്റ്റ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും
സ്റ്റോക്ക് ഫയൽ